യുടെ വീട്ടിൽ മാർക്സിസ്റ്റ് പാർട്ടിയുടെ ഏതാനും പ്രവർത്തകന്മാർ ചെന്നിട്ട് ആ കുട്ടിയുടെ.....ബഹളം.....മാതാവിനോട് കുട്ടിയെ കോളേജിൽ അയച്ചാൽ മകനെ തിരികെ കിട്ടില്ല..... ബഹളം.....

മി. സ്പീക്കർ : ഇതിനുവേണ്ടിയല്ല അനുവദിച്ചത്. അദ്ദേഹത്തിന് അദ്ദേഹത്തിന്റെ പ്രശ്നം ഉന്നയിക്കാനും മന്ത്രിയുടെ മറുപടിക്കും വേണ്ടിയാണ് ചെയർ അനുവദിച്ചത്. കാരണം, അവസാനത്തെ ദിവസമാണ് കാര്യം ഉന്നയിച്ച് ഒരു വാക്ക് പറയട്ടെയെന്ന് വിചാരിച്ചാണ് അനുവദിച്ചത്.

ശ്രീ. അടൂർ പ്രകാശ് : സർ, ഒരു വാക്ക് ഞാൻ പറഞ്ഞോട്ടെ,

മി. സ്പീക്കർ : അങ്ങനെ അനുവദിക്കാൻ പറ്റില്ല..... ബഹളം..... പ്ലീസ്.....ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി അതിനെക്കുറിച്ച് പറയും, ആ കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം മറുപടി പറയും.....ബഹളം..... ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി.....പ്ലീസ്..... ചെയറിനോട് സഹകരിക്കുക.....ബഹളം..... ഇത് അനുവദിക്കുകയില്ലായിരുന്നല്ലോ.....ബഹളം..... ..... ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി..... ബഹളം..... ശ്രീ. അടൂർ പ്രകാശ് ..... ബഹളം..... ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി..... ..... ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി..... ബഹളം.....പ്ലീസ്, പ്ലീസ്, പ്ലീസ് അത് ശരിയല്ല..... ശ്രീ. അടൂർ പ്രകാശ്, നിങ്ങൾക്ക് ഒരു പ്രത്യേക സൗകര്യം ചെയ്തു തരുമ്പോൾ അത് പ്രയോജനപ്പെടുത്തുകയെന്നുള്ളതല്ലാതെ..... ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി .....ബഹളം..... ഇങ്ങനെയായിരുന്നെങ്കിൽ ഞാൻ അത് പരിഗണിക്കുകയില്ലായിരുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കൊല്ലം എസ്.എൻ. കോളേജ് ക്രിസ്മസ് പ്രമാണിച്ച് അടച്ചതാണ്. ഇത് കഴിയുമ്പോൾ തുറക്കുമെന്നാണ് എന്റെ പ്രതീക്ഷ. അല്ലാതെ അടച്ചിട്ടില്ല. അവിടത്തെ പ്രശ്നങ്ങൾ തീർക്കാൻ ചില ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നലെയും ഞാൻ ചർച്ച ചെയ്തു. അത് പരിഹരിക്കപ്പെടുമെന്നാണ് എന്റെ വിശ്വാസം. അതോടുകൂടി അവിടെ നിലനിൽക്കുന്നതല്ല എല്ലാ പ്രശ്നങ്ങളും തീരുമെന്നാണ് എന്റെ പ്രതീക്ഷ.

VII. മേശപ്പുറത്തുവച്ച കടലാസുകൾ

1. Chief Minister (Shri. E.K. Nayanar) : Sir, I lay on the Table:
   1. G.O.(MS)No.14/99/PR. dated 10th November, 1999 (S.R.O. NO. 946/99).
   2. Report of Shri Justice V. Bhaskaran Nambiar, Commission of Inquiry appointed to enquire into the Sivagiri incidents on 11-10-1995 together with the Memorandum of Action taken by Government thereon.

II. Minister for Education and Works (Shri. P.J. Jospeh) : Sir, I lay on the Table:

Notification No.A2-2717/98/TBO dated 17th September, 1999

LIBRARY ARCHIVES Kerala Legislative Assembly

(S.R.O.No. 803/99).

III. Minister for Forests and Transport(Dr. A Neelalohithadasan Nadar) : Sir, I lay on the Table:

1. G.O(Rt.) No.5099/99/RD dated 24th November, 1999.(S.R.O. No.958/99).
2. G.O.(Rt.)No.5336/99/RD dated 15th December, 1999. S.R.O.No. 1022/99).
3. G.O.(Rt.)No.5352/99/RD dated 16th December, 1999 (S.R.O.No. 1031/99).

IV. Minister of Industries and Social Welfare (Smt. Suseela Gopalan) : Sir, I lay on the Table:

Recommendations of the Kerala Women's Commission.

VIII. റിപ്പോർട്ട് സമർപ്പണം

(1) കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) ഹർജികൾ സംബന്ധിച്ച സമിതിയുടെ 17-ാമത് റിപ്പോർട്ട്

ശ്രീ. പി.സി. ജോർജ് : ഹർജികൾ സംബന്ധിച്ച സമിതിയുടെ 17-ാം മത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(3) പരിസ്ഥിതി സമിതിയുടെ 16-ാമത് റിപ്പോർട്ട്

ശ്രീ. ബാബു ദിവാകരൻ : പരിസ്ഥിതി സമിതിയുടെ 16-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

IX. നിയമനിർമ്മാണകാര്യം

മി. സ്പീക്കർ : ഇന്ന് 3 ബില്ലുകളുണ്ട്. ഇന്ന് 30-ൽ അധികം സബ്മിഷൻ ഉണ്ടായിരുന്നു. എല്ലാവരും ആവശ്യപ്പെട്ടതുകൊണ്ടുമാത്രമാണ് അനുവദിച്ചത്. അംഗങ്ങൾക്കുവേണ്ടിയാണ് ഇത്രയും സമയം പോയത്; വേറെ ആർക്കും വേണ്ടിയല്ല. ഇത് സർക്കാരിന്റെ കാര്യമല്ല; സർക്കാരിനെ സംബന്ധിച്ച് സബ്മിഷൻ തരണമെന്ന് താൽപര്യവുമില്ല; സബ്മിഷനുവേണ്ടിയാണ് സമയം പോയത്. അതു കൊണ്ട് എല്ലാപേരുടെ ഭാഗത്തുനിന്നും സഹകരണം ഉണ്ടാകണം.

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1999-ലെ കേരള ലോക് അയുക്ത (ഭേദഗതി) ബിൽ

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1999-ലെ

LIBRARY ARCHIVES Kerala Legislative Assembly